**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2536</u>** **<u>07-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>വർദ്ധിപ്പിച്ച നിരക്കിലുള്ള ഡെപ്പോസിറ്റ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുത ബോർഡ് ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിനോടൊപ്പം വർദ്ധിപ്പിച്ച നിരക്കിലുള്ള ഡെപ്പോസിറ്റ് തുക ഈടാക്കി വരുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:, വിശദാംശം ലഭ്യമാക്കുമോ; | (എ) | 2014 ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 67-ാം ചട്ടപ്രകാരം പ്രീപെയ്ഡ് മീറ്റർ അല്ലാത്തപക്ഷം ദ്വൈ മാസ ബില്ലിംഗുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ മൂന്നിരട്ടിയും പ്രതിമാസ ബില്ലിംഗിന് കീഴിലുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ടിരട്ടിയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.<br><br>അതോടൊപ്പം 2014 ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 73-ാം ചട്ട പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യ പാദത്തിൽ തൊട്ടു മുൻ വർഷം ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള ഉപഭോഗത്തിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് പര്യാപ്തമാണോയെന്നു വിലയിരുത്തേണ്ടതും കൂടുതലെങ്കിൽ ബാങ്ക് റേറ്റിലുള്ള പലിശ സഹിതം അടുത്ത രണ്ടു ബില്ലിനുള്ളിൽ ഉപഭോക്താവിനു കൂടുതലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടതുമാണ്. എന്നാൽ കുറവുള്ള പക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി അധികമായി ആവശ്യം വരുന്ന തുക ഈടാക്കാനും ചട്ടം വ്യവസ്ഥ ചെയ്യുന്നു .<br><br>ഇതുപ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ പര്യാപ്തത വിലയിരുത്തിയുള്ള നടപടികൾ മാത്രമേ കെ.എസ്.ഇ.ബി.എൽ ചെയ്തിട്ടുള്ളൂ. |
| (ബി) | എങ്കിൽ ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വരുത്തുന്നതിന് ഇടയാക്കിയ സാഹചര്യം എന്തെന്ന് | (ബി) | ഡെപ്പോസിറ്റ് തുകയുടെ പര്യാപ്തത കെ.എസ്.ഇ.ബി.എൽ വിലയിരുത്തുകയാണ് |

| | |
|---|---|
| വ്യക്തമാക്കുമോ;നിരക്ക് വർദ്ധനവ് മൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ചെയ്തിരിക്കുന്നത്. കോവിഡും അനുബന്ധ ലോക്ക് ഡൗണും കണക്കിലെടുത്ത് KSERC യുടെ അനുമതിയോടു കൂടി 2020-21 ലും 2021-22 ലും അധികമായി ആവശ്യം വരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താക്കളുടെ പക്കൽ നിന്നും കെ.എസ്.ഇ.ബി.എൽ വാങ്ങിയിരുന്നില്ല. എന്നാൽ കെ.എസ്.ഇ.ബി.എൽ-ന്റെ പക്കലുള്ള അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താവിന് വൈദ്യുതി ചാർജ്ജിൽ ക്രമീകരിക്കുകയും ചെയ്തിരുന്നു. 2020-21 ലും 2021-22 ലും അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കെ.എസ്.ഇ.ബി.എൽ, റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടു കൂടി ഒഴിവാക്കിയതിനാൽ ഇനിയും സെക്യൂരിറ്റി ഡെപ്പോസിറ്റിനു ഇളവുകൾ നൽകാൻ സാധിക്കുകയില്ല.<br><br>വൈദ്യുതി നിയമം, 2003-ലെ 47-ാം വകുപ്പ് പ്രകാരം ഉപഭോക്താക്കളിൽ നിന്നും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കും, വൈദ്യുതി നൽകാൻ ഉപയോഗിക്കുന്ന ലൈനുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യപ്പെടാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം നൽകപ്പെടുന്ന തുക (ഈട്) അസാധുവായിട്ടുണ്ടെങ്കിലോ വൈദ്യുതി ഉപഭോഗ വർദ്ധനവാൽ മതിയാകാതെ വരികയോ ചെയ്താൽ ഉപഭോക്താവിൽ നിന്ന് അവശ്യം വേണ്ട സെക്യൂരിറ്റി തുക ഈടാക്കാമെന്നും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അവശ്യം വേണ്ട സെക്യൂരിറ്റി നൽകാത്ത പക്ഷം സപ്ലൈ വിച്ഛേദിക്കാനും നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന്മേൽ ബാങ്ക് നിരക്കുകൾ പ്രകാരമുള്ള പലിശ ഉപഭോക്താക്കൾക്ക് നൽകാനും പാർലമെന്റ് നിയമമാക്കിയ 2003-ലെ വൈദ്യുതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.<br><br>നിലവിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് വൈദ്യുതി ഉപഭോഗത്തിന് ഒഴിച്ച് വൈദ്യുത ലൈനുകൾക്കോ ഉപകരണങ്ങൾക്കോ എനർജി മീറ്ററുകൾക്കോ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യപ്പെടുന്നില്ല.<br><br>വൈദ്യുതി നിയമം, 2003-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച 2014ലെ കേരളാ ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 67(6) ചട്ടം അനുശാസിക്കുന്ന തുക മാത്രമേ കെ.എസ്.ഇ.ബി ലിമിറ്റഡ് സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുന്നുള്ളൂ.<br><br>ഓരോ സാമ്പത്തിക വർഷാരംഭത്തിലും വൈദ്യുതിയുടെ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ അവശ്യം വേണ്ട സെക്യൂരിറ്റി |

| | | | |
|---|---|---|---|
| | | | തുകയുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണെന്നും അധികമുള്ള തുക തിരികെ നൽകേണ്ടതാണെന്നും നിലവിലുള്ള തുകയ്ക്ക് ബാങ്ക് നിരക്കിൽ ബോർഡ് പലിശ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിനു പുറമെ മതിയായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇല്ലാത്ത പക്ഷം, ആയത് ഉപഭോക്താക്കളിൽ നിന്ന് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ ഈടാക്കണമെന്നും അടയ്ക്കാത്ത പക്ഷം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. മേൽ സൂചിപ്പിച്ച നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കി വരുന്നത്. ഇത് എല്ലാ വർഷവും തുടരുന്ന ഒരു പ്രക്രിയയാണ്. ഇതിന് വൈദ്യുതി ചാർജ്ജ് വർദ്ധനവുമായി ഒരു ബന്ധവുമില്ല. |

സെക്ഷൻ ഓഫീസർ